കസ്തൂരിരംഗൻ റിപ്പോർട്ട്

324 (335) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടുപോയ ജനവാസകേന്ദ്രങ്ങളും കൃഷി സ്ഥലങ്ങളും കൈവശ ഭൂമിയും ഒഴിവാക്കിക്കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധമായി സർക്കാരും കേന്ദ്ര സർക്കാരും നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ഇ. എസ്.എ. പരിധിയിൽ ഉൾപ്പെടുത്തേണ്ടതായി കണ്ടെത്തിയ മേഖലകൾ മാത്രം ഉൾപ്പെടുത്തി പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. റിസർവ് വനം, സംരക്ഷിത പ്രദേശങ്ങൾ, ലോകപൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ പരിസ്ഥിതിലോല പ്രദേശമായി പരിഗണിക്കാവൂ എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ 27-10-2015-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

ജലസമൃദ്ധ കേരളം പദ്ധതി

325 (336) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 24-5-2014-ലെ സ.ഉ (സാധാ) നമ്പർ 89/2014 വഴി സംസ്ഥാനത്ത് 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനീകരണമാണ് വ്യാവസായിക മലിനീകരണത്തേക്കാൾ ഗുരുതരമായി സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. അതിനാൽ ജനപിന്തുണയോടെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജലസുരക്ഷയും ജലസ്രോതസ്സുകളുടെ സമഗ്ര സംരക്ഷണത്തിനും ഒരു തുടർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനും ഏകോപനത്തിനുമായി വനം, പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന തലത്തിൽ കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പൈക പദ്ധതി

326 (337) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈക പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) മലപ്പുറം ജില്ലയിൽ പൈക പദ്ധതിയിൻകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly